കാട്ടുന്നു. പുലരുംവരെ ഈ പരിപാടി നീളുന്നു. ഗ്രാമീണ സ്ത്രീകൾ ഈ യോഗങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നു. ഗ്രാമസമ്പദ്‌വ്യവസ്ഥ താങ്ങിനിറുത്തുന്നതു് അവരാണ്. അവർ ഉണരുക എന്നതിനു് അർത്ഥം ഗ്രാമം ഉണരുക എന്നാണ്.

കാശ്മീരിൽനിന്നു പുറപ്പെട്ട ശ്രീ ബഹുഗുണയും സംഘവും ഉത്തർ പ്രദേശിലെ നൈനിത്താലിലെത്തി വിശ്രമിക്കുകയാണ്. ഫെബ്രുവരിയിൽ അവർ തങ്ങളുടെ ജ്ഞാനയജ്ഞം വീണ്ടും ആരംഭിക്കും.

ഹിമാലയത്തിൽ പ്രസക്തമായതു് സഹ്യപർവതമേഖലയായ കേരളത്തിലും പ്രസക്തമാണ്. മലകളെ രക്ഷിച്ചാലേ കേരളത്തിനു രക്ഷയുള്ളു. മലകളെ രക്ഷിക്കാൻ നാം മരങ്ങളെ രക്ഷിക്കേണ്ടിയിരിക്കുന്നു.

ശ്രീ സുന്ദർലാൽ ബഹുഗുണയ്ക്കു് കേരളത്തിലും അനുയായികൾ ഉണ്ടാകട്ടെ!

9 ജനുവരി, 1982

# 48. ഗംഗ മരിക്കുകയാണോ?

വളരെ മുമ്പാണ്. കാരൂർ നീലകണ്ഠപ്പിള്ളയും ഞാനുംകൂടി കാശിക്കു പോയി. ഇരുണ്ടുകൂടുന്ന സന്ധ്യയ്ക്കു് വരുണനദിമുതൽ അസി നദിയോളം ഗംഗയിലൂടെ ഞങ്ങൾ തോണിയിൽ സഞ്ചരിച്ചു. കറുത്ത ജലനിരപ്പിനു തൊട്ടുമീതെ, ഹരിശ്ചന്ദ്രഘട്ടിലെ ചിതകൾ, നിത്യമായ മരണത്തിനു മീതെ നശ്വരമായ ജീവിതംപോലെ, കത്തിക്കെടുന്നതു നോക്കിയിരുന്നു. ചീർത്തു നാറുന്ന ഒരു പശുവിന്റെ ശവം ഞങ്ങളുടെ തോണിയിൽ വന്നു മുട്ടിയപ്പോൾ കാരൂർസ്സാർ മൂക്കു പൊത്തി. തോണിക്കാരനോടു ഞാൻ ചോദിച്ചു: 'ഗംഗയെ മാതാവെന്നു വിളിക്കുന്ന നിങ്ങൾ അതിൽ ഈ ശവങ്ങൾ എങ്ങനെ വലിച്ചെറിയുന്നു?' ശുദ്ധമായ ഹിന്ദിയിൽ തോണിക്കാരൻ മറുപടി പറഞ്ഞു: 'ഗംഗാജി പതിതപാവനിയാണ്. പശുക്കൾക്കും വേണമല്ലോ ഗതികിട്ടുക. അതുകൊണ്ടു ഞങ്ങൾ ചത്ത ഗോമാതാക്കളെ ഗംഗാമാതാവിൽ സമർപ്പിക്കുന്നു.'

പതിതപാവനി. എന്ന ആ വാക്കു് ഇപ്പോഴും എന്റെ ഓർമയിൽ മുഴങ്ങുന്നുണ്ടു്.

വിന്ധ്യപർവതംമുതൽ ഹിമാലയപർവതംവരെയുള്ള വിശാലമായ ആര്യാവർത്ത സമതലം മുഴുവൻ ഗംഗാനദിയുടെ സംഭാവനയാണ്. ഗംഗയും, ഗംഗയുടെ പരശ്ശതം പോഷകനദികളുമാണു് ഈ ഭൂപ്രദേശത്തു ജീവിതം സാദ്ധ്യമാക്കിയിട്ടുള്ളതു്. രണ്ടായിരത്തഞ്ഞൂററി ഇരുപത്തഞ്ചു കിലോമീററർ നീളമുള്ള ഗംഗ അതിൽ പകുതിയിലേറെ ദൂരം ഉത്തരപ്രദേശിലും തുടർന്നു് ബീഹാറിലും ബംഗാളിലും ഒഴുകുന്നു. ഏഴു സ്റ്റേററുകളിലെ ഒമ്പതു ലക്ഷം ചതുരശ്ര കിലോമീററർ സ്ഥലത്തിനു് ഗംഗാജലം ഫലപുഷ്ടി നൽകുന്നു. യമുന, ശാരദ, സരയു, ഘാഗ്ര, ഗണ്ഡക്, ശോണം, സപ്തകോശി, ബ്രഹ്മപുത്ര എന്നീ ഗംഗയുടെ പോഷകനദികളോരോന്നും ഓരോ വലിയ ജലനിർഗമ വ്യവസ്ഥകളാണ്. ചംബൽ, വേത്രവതി മുതലായ എത്രയോ പോഷകനദികൾ യമുനയ്ക്കുമുണ്ടു്. ഗംഗാ കനാൽ, ശാരദാകനാൽ എന്നിവ ദക്ഷിണേന്ത്യയിലെ വലിയ പുഴകളേക്കാൾ കൂടുതൽ ദൈർഘ്യവും ജലപ്രവാഹവുമുള്ളവയാണ്. ജലസേചനത്തിനെന്നപോലെ വിദ്യുച്ഛക്‌ത്യുൽപാദനത്തിനും ഇവ ഉപകരിക്കുന്നു. ആഭ്യന്തര ഗതാഗതത്തിനും വലിയ തോതിൽ നാം ഈ നദികളെയും തോടുകളെയും ആശ്ര

യിക്കുന്നു. ഈ നദികളുടെ തീരത്താണ് ഭാരതീയ സംസ്കാരം തഴച്ചുവളർന്നത്. ഗംഗയെ മാതാവായി, ഈശ്വരിയായി, പതിതപാവനിയായി ഇന്ത്യക്കാർ ആരാധിച്ചുവന്നുവെങ്കിൽ അതിൽ അത്ഭുതമില്ല.

ആ ഗംഗാനദി മരിച്ചുകൊണ്ടിരിക്കുകയാണ്. ഹിമാലയാധിത്യകകൾ വിട്ട് ഗംഗാ സമതലത്തിലേക്കിറങ്ങുന്ന ഹരിദ്വാരംമുതൽ ബംഗാൾ ഉൾക്കടലിലെ 'സംഗമം' വരെ, നഗരങ്ങളിലെയും വ്യവസായശാലകളിലെയും മാലിന്യങ്ങൾ മുഴുവൻ ഗംഗയിലാണ് നിക്ഷേപിക്കപ്പെടുന്നത്. ലോകത്തിലെ മിക്ക നദികളിലും ഇന്നു വ്യാവസായിക മാലിന്യങ്ങൾ കലർന്നിട്ടുണ്ട്. എന്നാൽ, ഗംഗാജലംപോലെ അത്രയധികം മലിനമാക്കപ്പെടുന്നില്ല മറ്റൊരു നദിയുടെ ജലവും. ഗംഗാനദിയിൽ ചീഞ്ഞളിഞ്ഞു കലങ്ങുന്നത്ര മനുഷ്യ-മൃഗ-ശവങ്ങൾ മറ്റൊരു നദിയിലും കലങ്ങുന്നില്ല. മനുഷ്യരുടെ മലമൂത്രങ്ങൾ ഏറ്റവുമധികം നിക്ഷേപിക്കപ്പെടുന്ന നദിയും ഗംഗതന്നെ. ഈ മാലിന്യംമൂലം ഗംഗയിലെ അനന്തമായിരുന്ന മത്സ്യസമ്പത്ത് ക്ഷയോന്മുഖമായിരിക്കുന്നു. ഗംഗയുടെ സവിശേഷതയായിരുന്ന പലതരം നക്രവർഗങ്ങൾ കുറ്റിയറ്റുപോയിരിക്കുന്നു.

ചത്തു ചീഞ്ഞു നാറുന്ന ഈ ജലമാണ് കോടിക്കണക്കിനു ജനങ്ങൾ പാർക്കുന്ന നൂറുകണക്കിനു നഗരങ്ങളിൽ വിതരണം ചെയ്യപ്പെടുന്നത്.

ഗംഗാനദി മരിക്കുകയെന്നതിനർത്ഥം ഇന്ത്യ മരിക്കുകയെന്നാണ്. അതിനാൽ, ഗംഗയിലെ മാലിന്യമെന്ന പ്രശ്നം ഭാരതീയ ജനതയുടെ ആകെ പ്രശ്നമാകുന്നു. ഗംഗാതീരത്തു നിവസിക്കുന്ന ജനകോടികളുടെ സഹകരണമില്ലാതെ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുക സാദ്ധ്യമല്ല. കാരണം അവരാണല്ലോ ഗംഗയെ അറിഞ്ഞും അറിയാതെയും മലിനപ്പെടുത്തുന്നത്. ഈ ജനകോടികളാകട്ടെ, ഏറിയ കൂറും നിരക്ഷരരുമാണ്. പതിതപാവനിയായ ഗംഗയ്ക്ക് ഏതു പാപാത്മാവിനെയും സ്വർഗത്തിലെത്തിക്കുന്നതിനെന്നപോലെ ഏതു മാലിന്യത്തെയും ശുദ്ധീകരിക്കാനും കഴിവുണ്ടെന്ന വിശ്വാസം അവർക്കു സഹസ്രാബ്ദങ്ങളുടെ പൈതൃകമായി ലഭിച്ചിട്ടുമുണ്ട്. ഈ വിശ്വാസം തകർക്കുകയും, മാലിന്യങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിൽനിന്ന് അവരെ തടയുകയും ചെയ്യുകയെന്നത് ഒരു ഭഗീരഥപ്രയത്നംതന്നെയാണ്. ഗംഗയെ ആദ്യമായി ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരുന്നതിന് ഭഗീരഥൻ ചെയ്ത അത്രയോ അതിലേറെയോ യത്നം ഗംഗയിലെ മാലിന്യം അകറ്റുന്നതിന് ഇന്ത്യയിലെ ബഹുജനങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

കേന്ദ്രഗവണ്മെന്റിന്റെ പ്ലാനിങ് കമ്മീഷൻ ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും അതിന്റെ പരിഹാരത്തിലേക്കു നയിച്ചേക്കാവുന്ന ചില നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

അടുത്തു വരുന്ന കുംഭമേളക്കാലത്ത് പരിസരശുചീകരണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനുള്ള ഒരു ബഹുജനപ്രചരണപ്രസ്ഥാനം ഗംഗാതീരത്താകെ ആരംഭിക്കുവാൻ ഇന്ത്യാഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു.

പരിസരസംരക്ഷണത്തിന്റെ പ്രാധാന്യം നല്ലപോലെ അറിയാവുന്ന ആളാണ് പ്ലാനിങ് സിക്രട്ടറിയും പ്ലാനിങ് കമ്മീഷൻ മെമ്പറുമായ ഡോ. എം. എസ്. സ്വാമിനാഥൻ. സൈലന്റ്‌വാലി തല്ക്കാലത്തേക്കെങ്കിലും നാശത്തിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ, അതിനു കേരളീയർ മറ്റാരോടുമുള്ളതിലധികം ഡോ. സ്വാമിനാഥനോടു കടപ്പെട്ടിരിക്കുന്നു. മാലിന്യം അകറ്റി ഗംഗയെ വീണ്ടും ജീവിപ്പിക്കേണ്ടതിന്റെ ആവശ്യവും ഡോ. സ്വാമിനാഥൻ തികച്ചും ഉൾക്കൊണ്ടിട്ടുണ്ട്.

ഗംഗാതീരത്ത് പതിന്നാലു സർവകലാശാലകളും ആറ് ഉന്നത ഗവേഷണ സ്ഥാപനങ്ങളുമുണ്ട്. പ്ലാനിങ് കമ്മീഷന്റെ പ്രേരണയനുസരിച്ച്

ഇവയിലെ വൈസ്ചാൻസലർമാരും ഡയറക്ടർമാരും ഈയിടെ സമ്മേളിക്കുകയും ഗംഗയിലേയും പോഷകനദികളിലേയും മാലിന്യപ്രശ്നം പഠിച്ച് പരിഹാരങ്ങൾ നിർദേശിക്കുന്നതിന് ഉദ്ഗ്രഥിതമായ ഒരു ഗവേഷണ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു. മൂന്നു വർഷത്തിനകം കടൽമുതൽ ഹിമാലയശൃംഗങ്ങൾവരെ, ഗംഗാപ്രവാഹങ്ങൾ ഇന്നു നേരിടുന്ന പ്രശ്നങ്ങളെപ്പററി സമഗ്രമായ ഒരു ചിത്രം ഇതുമൂലം ലഭ്യമാകമെന്നാണ് പ്രതീക്ഷ. പ്രശ്നങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടു വേണമല്ലോ പരിഹാരമാർഗങ്ങൾ ആസൂത്രണം ചെയ്യാൻ.

ഈ പദ്ധതിയിൽ പങ്കെടുക്കുന്ന ഓരോ സർവകലാശാലയിലെയും വ്യത്യസ്ത വകുപ്പുകൾ കൂട്ടായിച്ചേർന്നു ചില പഠനപദ്ധതികൾ ആവിഷ്കരിക്കും. ചില നിർദിഷ്ട പ്രശ്നങ്ങളുടെ പഠനത്തിൽ പല സർവകലാശാലകളും പരസ്പരം സഹകരിക്കും. ഒരു നിശ്ചിതപ്രദേശത്തു വിവിധ സ്ഥാപനങ്ങൾ നടത്തുന്ന പഠനപദ്ധതികൾ ഏകോപിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുകയും ചെയ്യും. ഈ പഠനഫലങ്ങൾ കേന്ദ്രതലത്തിൽ സംയോജിപ്പിക്കും. ഇനിമുതൽ ആണ്ടുതോറും 'ഗംഗയുടെ ആരോഗ്യം' സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ പ്രശ്നത്തിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ഈ റിപ്പോർട്ടുകൾ ഉതകും.

ഇതിനായി ഗംഗാതീരത്തിലെ സർവകലാശാലകളെ മൂന്നു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. ഗഢ്വാൾ സർവകലാശാല, രുഢ്കിയിലെ എൻജിനീയറിങ് സർവകലാശാല എന്നിവയാണ് ആദ്യത്തെ ഗ്രൂപ്പിലുള്ളത്. രണ്ടാമത്തെ ഗ്രൂപ്പിൽ കാൺപൂർ സർവകലാശാല, നാഷണൽ ബോട്ടാനിക്കൽ റിസർച്ച് ഇൻസ്റ്റിററ്യൂട്ട്, ഇന്ത്യൻ ടോക്സിക്കോളജി (വിഷവിജ്ഞാന) ഗവേഷണശാല, ചന്ദ്രശേഖർ ആസാദ് കാർഷിക സർവകലാശാല, കാൺപൂരിലെ ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി, അലാഹാബാദ് സർവകലാശാല, ബനാറസ് ഹിന്ദുസർവകലാശാല, അലീഗഢ് മുസ്ലിം സർവകലാശാല എന്നിവ ഉൾപ്പെടുന്നു. പട്ന സർവകലാശാല, പൂസയിലെ കാർഷിക സർവകലാശാല, ഭാഗൽപൂർ സർവകലാശാല, ബർദ്വാൻ സർവകലാശാല, യാദവ്പൂർ സർവകലാശാല, കല്ക്കത്ത സർവകലാശാല, കല്യാണി സർവകലാശാല, ഖരക്പൂരിലെ ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി, ബി. സി. റോയ് കാർഷിക സർവകലാശാല എന്നിവ മൂന്നാമത്തെ ഗ്രൂപ്പിലും പെടുന്നു.

ഒന്നാമത്തെ ഗ്രൂപ്പ് ഗംഗോത്രിമുതൽ നരോരവരെയുള്ള ഗംഗയുടെ പ്രശ്നങ്ങൾ പഠിക്കും. രണ്ടാമത്തെ ഗ്രൂപ്പ് നരോര മുതൽ ബലിയവരെയുള്ള പ്രശ്നങ്ങളുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ബലിയമുതൽ ഫ്ലൂറിവരെയുള്ള പ്രശ്നങ്ങളായിരിക്കും മൂന്നാമത്തെ ഗ്രൂപ്പിന്റെ പഠനവിഷയം. മാലിന്യത്തിന്റെ ഉദ്ഭവവും സ്വഭാവവും, കൃഷി, മത്സ്യം വളർത്തൽ മുതലായ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഗംഗയിലേയും പോഷകനദികളിലേയും ജലം കൂടുതൽ ഉപയോഗപ്പെടുന്നത്, ജലഗതാഗതം അഭിവൃദ്ധിപ്പെടുത്തുന്നത് എന്നിവ വിശദമായി അദ്ധ്യയനം ചെയ്യപ്പെടും. നദിയിലെ മാലിന്യം നദീതീര നിവാസികളുടെ ആരോഗ്യത്തെയും സാമ്പത്തിക വികസനത്തെയും എങ്ങനെ ബാധിക്കുന്നു എന്നും, മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നത് എങ്ങനെ എന്നും, പല വിജ്ഞാന വകുപ്പുകൾ പല സമീപനങ്ങളിലൂടെ പഠിക്കും. നദികളുടെ ആവാഹതലം മുഴുവൻ സർവേ ചെയ്ത്, ജൈവ-രാസ മാലിന്യങ്ങളുടെ പ്രഭവങ്ങൾ തിട്ടപ്പെടുത്തും. ജലത്തിലെ സൂക്ഷ്മ സസ്യ-ജീവി-പഠനം ഇതിന്റെ ഭാഗമായി നടത്തും. ഗംഗാതീരത്തിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും കിട്ടുന്ന കുടിവെള്ളത്തിലെ മാലിന്യങ്ങൾ പ്രത്യേകിച്ച് പഠനവിഷയമാക്കും.

മലിനജലംകൊണ്ടുള്ള സേചനം കൃഷിയെ എങ്ങനെ ബാധിക്കുന്നു എന്നു തിട്ടപ്പെടുത്തും.

മണ്ണു വീണ് പുഴ തൂർന്നു വെള്ളപ്പൊക്കമുണ്ടാവുന്നതു് ഉത്തരേന്ത്യയിലെ ഒരു പ്രധാന പ്രശ്നമാണ്. ഗംഗയിലെയും പോഷകനദികളിലെയും ഊറൽനിരക്ക് ആയിരിക്കും ഒരു പഠനവിഷയം. ജലമാലിന്യം മത്സ്യജീവിതത്തെ എങ്ങനെ അപകടത്തിലാക്കുന്നു എന്നും ശ്രദ്ധിച്ചു പഠിക്കും.

ഗംഗയെ ആശ്രയിച്ചു പുലരുന്ന ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ (ഇക്കോസിസ്റ്റം) വിശദമായി അദ്ധ്യയനം ചെയ്യും. ഈ വ്യവസ്ഥയ്ക്കു് ദോഷം ഉളവാക്കാതെതന്നെ, പരമാവധി സാമ്പത്തികാഭിവൃദ്ധി നേടത്തക്ക നിലയിൽ ഗംഗാജലം ഉപയോഗപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷ. ശുദ്ധജലസ്രോതസ്സ് എന്ന നിലയിലും മാലിന്യനിർഗമമാർഗമെന്ന നിലയിലും ഒരേ നദിയെത്തന്നെ ഉപയോഗപ്പെടുത്താതെ തരമില്ല. ഇതിലടങ്ങിയ വൈരുദ്ധ്യമാണ് പരിഹരിക്കേണ്ടതു്. അതു പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദേശങ്ങൾ വിപുലമായ ഈ പഠനത്തിൽനിന്നു് ഉരുത്തിരിയുമെന്നാണു വിശ്വസിക്കപ്പെടുന്നതു്.

ഗംഗയുടെ ഗതിയിൽ, താഴോട്ടു താഴോട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ചും, ഒട്ടേറെ ചതുപ്പുനിലങ്ങളുണ്ടു്. പലതരം മത്സ്യങ്ങൾ, പൊക്കാളിപോലെയുള്ള നെൽത്തരങ്ങൾ, വെള്ളത്തിൽ വിളയുന്ന പഴങ്ങൾ മുതലായവ കൃഷി ചെയ്യാൻ ഈ ചതുപ്പുകളെ ഉപയോഗപ്പെടുത്തുന്നതും പഠനവിഷയമായി നിർദേശിക്കപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. മൃഗസംരക്ഷണം, സാമൂഹ്യവനനിർമാണം എന്നിവയ്ക്കും നദീതീരപ്രദേശങ്ങളിൽ ധാരാളം സാദ്ധ്യതകളുണ്ടു്. എണ്ണവില ഉയർന്നുയർന്നുവരുന്ന പശ്ചാത്തലത്തിൽ ജലഗതാഗതത്തിന്റെ, പ്രത്യേകിച്ചും ജലമാർഗത്തിലൂടെ ചരക്കു കടത്തുന്നതിന്റെ, സാദ്ധ്യതകളും പരമാവധി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

രാജ്യത്തിന്റെ പ്രശ്നങ്ങളുമായി ഇത്രയധികം ബന്ധപ്പെട്ട ഒരു പഠനം ഇതിനു മുമ്പ് നമ്മുടെ സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടില്ല. ഇത്രയധികം വിദ്യാസ്ഥാപനങ്ങൾ ഒരൊററ പ്രശ്നത്തിൽ സഹകരിക്കുകയെന്നതും ഇന്ത്യയിൽ ഒരു പുതുമയാണ്. ഉന്നതവിദ്യാഭ്യാസത്തിനു സമകാലജീവിതത്തിൽ പ്രസക്തി നേടുവാൻ കഴിയുമോ എന്നുകൂടി ഈ പഠനം തെളിയിക്കും. ആ നിലയിൽ, ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ മുമ്പിൽ ഭരണകൂടം സമർപ്പിച്ച ഒരു വെല്ലുവിളികൂടിയാണിതു്. അതുകൊണ്ടും, ഈ പഠനത്തിന്റെ ദൈനംദിന പുരോഗതിയിൽ ഇന്നാട്ടിലെ അഭ്യസ്തവിദ്യർക്കു മുഴുവൻ താല്പര്യമുണ്ടാവേണ്ടതാണ്.

ഗംഗയിൽ സംഭവിച്ചതു് ഏറിയോ കുറഞ്ഞോ മററു നദികളിലും സംഭവിച്ചുകൊണ്ടിരിക്കുന്നതുതന്നെയാണ്.

മരണത്തിൽനിന്ന് ഗംഗയെ മാത്രമല്ല, ഇന്ത്യയിലെ എല്ലാ നദികളെയും സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള യത്നത്തിൽ സഹകരിക്കാൻ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കഴിയേണ്ടതാണ്. ഉദാഹരണത്തിനു്, മരിച്ചുകഴിഞ്ഞ ചാലിയാറിന്റെ ഇക്കോസിസ്റ്റത്തെപ്പററി ഒരു സമഗ്രപഠനം തയ്യാറാക്കാൻ കോഴിക്കോട്ടു സർവകലാശാലയിലെ വിവിധ വകുപ്പുകൾ സഹകരിച്ചുള്ള ഒരു പഠനത്തിനു കഴിയേണ്ടതല്ലേ? എന്തുകൊണ്ട് അത്തരമൊരു പഠനം ഉണ്ടാവുന്നില്ല? പെരിയാറിലെ മാലിന്യ സാന്ദ്രതയെപ്പററി കേരള സർവകലാശാലയിലെ അക്വാട്ടിക് ബയോളജി വിഭാഗം ചില പഠനങ്ങൾ നടത്തിയിട്ടുള്ളതായി അറിയാം. അതിന്റെ ഫലങ്ങൾപോലും എന്തുകൊണ്ടു പ്രസിദ്ധീകരിക്കുന്നില്ല?

അല്ലെങ്കിൽ മാർക്കകച്ചവടംപോലെ എത്രയോ മഹാ കാര്യങ്ങളിൽ ശ്രദ്ധ പെല്യത്തേണ്ട നമ്മുടെ സർവകലാശാലകാംക്ക് ഇതിനൊക്കെ സമയമെവിടെ?

30 ഡിസംബർ, 1981

[illegible] 300 സെ.മീ.

## 49. കാലവർഷം-1982

1976-ൽ 218 സെ.മീ.
1982-ൽ 220 സെ.മീ.
1961-ൽ 418 സെ.മീ.

ജൂലായ് 20-ാം തീയതി രാജ്യസഭയിൽ കാലവർഷം ചർച്ചാവിഷയമായി. കാലവർഷം പിഴച്ചിരിക്കുകയാണെന്നും, ഇതിൻഫലമായി ഇന്ത്യയിലെ ഒമ്പതു സ്റ്റേററുകളിൽ പരക്കെ വരംച്ച വന്നുചേർന്നിട്ടുണ്ടെന്നും, ഈ സ്ഥിതി തുടരുകയാണെങ്കിൽ 1979-ലേതിനേക്കാരം കൂടുതൽ ആപത്കരമായ കൃഷിനാശം ഈയാണ്ടിൽ ഉണ്ടായേക്കാമെന്നും കൃഷിമന്ത്രി ശ്രീ റാവു ബീരേന്ദ്രസിംഹ് പ്രസ്താവിച്ചു.

ജൂൺ 1-ാം തീയതിയാണ് സാധാരണയായി കാലവർഷം ആരംഭിക്കാറ്. ഈ ആണ്ടിൽ അതു രണ്ടുദിവസം മുമ്പ്, മെയ് 30-ാം തീയതിതന്നെ, തിരുവനന്തപുരത്തു പ്രത്യക്ഷപ്പെട്ടു. അവിടെനിന്നു വടക്കോട്ട് ദക്ഷിണകൊങ്കണത്തിലേക്കും മദ്ധ്യകർണാടകത്തിലേക്കുമുള്ള അതിൻെറ പുരോഗതിയും പ്രതീക്ഷക്കൊത്തവിധത്തിലായിരുന്നു. പക്ഷേ, പതിവിലും രണ്ടാഴ്ച വൈകിയേ കാലവർഷം ബോംബെപ്രദേശത്തു് എത്തിയുള്ളൂ. മദ്ധ്യേന്ത്യയിലും കിഴക്കേ ഇന്ത്യയിലും എത്താൻ അതു് ഒരാഴ്ച വൈകിച്ചു.

ജൂൺ 17 മുതൽ ജൂലായ് 5-വരെ കാലവർഷം മുന്നേറാതെ നിന്നിടത്തു നിന്നു. പിന്നീട് അതു്, ദുർബലമായ ഒരു പ്രവാഹമായി ദക്ഷിണഗുജറാത്തിൽ സൂറത്തിലോളം ചെന്നു. ഈ കാലവർഷപ്രവാഹംതന്നെ വലത്തോട്ടു തിരിഞ്ഞു് മദ്ധ്യപ്രദേശത്തിൻെറ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലും കുറച്ചു മഴ പെയ്യിച്ചു. ഉത്തരപ്രദേശത്തിലും ദില്ലിയിലും ജൂലായ് 14-ാംതീയതിയും, ഹരിയാണയിൽ ജൂലായ് 15 ാം തീയതിയും, ഹിമാചലപ്രദേശത്തിൽ ജൂലായ് 16-ാം തീയതിയും കാലവർഷം എത്തി.

അതിനുശേഷം സ്ഥിതി വഷളായി. ഗുജറാത്തിൽ ഇരുപതു ജില്ലകളിൽ പന്ത്രണ്ടിലും വേണ്ടത്ര മഴ കിട്ടിയിട്ടില്ല. രാജസ്ഥാനിൽ, ഇരുപത്താറു ജില്ലകളിൽ ഇരുപത്തിനാലും, പഞ്ചാബിൽ പന്ത്രണ്ടു ജില്ലകളിൽ പതിനൊന്നും, ഹരിയാണയിൽ പന്ത്രണ്ടു ജില്ലകളിൽ എട്ടും, ബംഗാളിൽ പതിനാറു ജില്ലകളിൽ പതിമൂന്നും ഉത്തരപ്രദേശത്തിൽ അറുപത്തഞ്ചു ജില്ലകളിൽ നാല്പത്തിരണ്ടും, മദ്ധ്യപ്രദേശത്തിൽ നാല്പത്തഞ്ചു ജില്ലകളിൽ മുപ്പത്തൊമ്പതും, മഹാരാഷ്ട്രത്തിൽ ഇരുപത്തേഴു ജില്ലകളിൽ പതിനെട്ടും, ബീഹാറിൽ മുപ്പത്തൊന്നു ജില്ലകളിൽ പത്തൊമ്പതും, ജൂലായ് മാസത്തിൻെറ മദ്ധ്യത്തിൽ മഴകിട്ടാതെ വരണ്ടുകിടക്കുകയായിരുന്നു.

മഴ പെയ്താൽ സ്ഥിതി ഇനിയും മെച്ചപ്പെടാവുന്നതേയുള്ളൂ. പക്ഷേ, പെയ്യുമെന്നതിനു് എന്താണ് ഉറപ്പ്? അതിനാൽ, വരംച്ചയെ നേരിടുന്നതിനുള്ള അടിയന്തര നടപടികളെടുക്കാൻ വിശദ നിർദ്ദേശങ്ങരം സ്റ്റേററുകരംക്കു കേന്ദ്രം നല്കിയിട്ടുണ്ട്. കൃഷിക്കാർക്കു തൊഴിൽ, വരുമാനം, കാലിത്തീററ, കുടിനീർ എന്നിവ മുട്ടാതെ ലഭ്യമാക്കണം. വരംച്ചയെ നേരിടുന്നതിനു് ഒരു പന്ത്രണ്ടിന പരിപാടി 1979-ൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തവണയും ഇതേ പരിപാടി ആയിരിക്കും സർക്കാരുകളുടെ പ്രവർത്തനത്തിനു് ആധാരം. ഉള്ള വെള്ളം പരമാവധി പിശുക്കി ചെല